HQ/19/2022/EXCISE

**കേരള എക്സൈസ് വകുപ്പ്**
**"മാതൃഭാഷ-മലയാളം"**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 11-10-2022
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

**സർക്കുലർ നം-HQ/19/2022/EXCISE**

വിഷയം: എക്സൈസ് എൻഫോഴ്സ്മെന്റ് – അബോൺ കിറ്റ് ഉപയോഗിച്ച് ടെസ്റ്റ് നടത്തിയതിനു ശേഷം NDPS Act 1985 ലെ സെക്ഷൻ 27 പ്രകാരം കേസ്സെടുക്കുന്നത് – സംബന്ധിച്ച്

സൂചന: 1. 27.06.2022-ലെ EXC/14/2022/EXCISE നമ്പർ സർക്കുലർ
2. 19.08.2022 തീയതിയിലെ മീറ്റിംഗിലെ മിനിറ്റ്സ്.

മേൽ സൂചന (1) പ്രകാരമുള്ള സർക്കുലറിന്റെ തുടർച്ചയായാണ് ഈ നിർദ്ദേശം പുറപ്പെടുവിക്കുന്നത്. NDPS Act 1985 ലെ 20 (b) (ii) A, 21 (a), 22 (a) വകുപ്പുകൾ പ്രകാരമുള്ള കേസ്സിൽ പിടിക്കപ്പെടുന്നവർ ലഹരി വസ്തുക്കളിൽ അത്യാസക്തർ ആണെന്ന് അന്വേഷണ ഉദ്യോഗസ്ഥന് ബോധ്യം വന്നാൽ അബോൺ കിറ്റ് ഉപയോഗിച്ച് ടെസ്റ്റ് നടത്തണം. പോസിറ്റീവ് ആണെന്ന് ടെസ്റ്റിൽ കാണുന്ന പക്ഷം ടിയാൻ ലഹരി മോചന ചികിത്സയ്ക്ക് വിധേയനാകാൻ സ്വയം സന്നദ്ധനാകുകയാണെങ്കിൽ മെഡിക്കൽ പരിശോധനയ്ക്ക് വിധേയനാക്കി രക്ത സാമ്പിൾ ശേഖരിച്ച് പരിശോധന നടത്തണം. തുടർന്ന് ടിയാന് ലഹരി മോചന ചികിത്സയ്ക്ക് ആവശ്യമായ സഹായം ചെയ്ത് കൊടുക്കണം. ലഹരി മോചന ചികിത്സക്ക് പൂർണ്ണമായും വിധേയനായി എന്ന് ബന്ധപ്പെട്ട വിമുക്തി ജില്ലാ മാനേജരുടെ റിപ്പോർട്ടിന്മേൽ അന്വേഷണ ഉദ്യോഗസ്ഥന് NDPS Act 1985 ലെ 64-A വകുപ്പ് പ്രകാരമുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ആയതിലേയ്ക്ക് കേസിന്റെ വിശദാംശങ്ങളും സ്വീകരിച്ച നടപടികളും വ്യക്തമാക്കി ഒരു ക്ലോഷർ റിപ്പോർട്ട് തയ്യാറാക്കി ബന്ധപ്പെട്ട മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കി പ്രോസിക്യൂഷൻ നടപടി അവസാനിപ്പിക്കാവുന്നതാണ്. എന്നാൽ ടിയാൻ ലഹരി മോചന ചികിത്സയ്ക്ക് പൂർണ്ണമായും വിധേയനാകാത്ത കേസുകളിൽ ടിയാനെതിരെ പ്രോസിക്യൂഷൻ നടപടികൾ തുടരേണ്ടതാണ്. കുറഞ്ഞ അളവിൽ മയക്കുമരുന്ന് കൈവശം വച്ചതിന് ഒന്നിൽ കൂടുതൽ ആളുകളെ ഒരു സംഭവത്തിൽ പിടിക്കുകയാണെങ്കിൽ മയക്കു മരുന്ന് കൈവശം വച്ച ആളിന്റെ കൂടെ ഉണ്ടായിരുന്നവരേയും 'അബോൺ കിറ്റ്' ഉപയോഗിച്ച് പരിശോധന നടത്തി പോസിറ്റീവ് ആണെങ്കിൽ NDPS Act 1985 ലെ 27-ാം വകുപ്പിലെ ഉചിതമായ ഉപവകുപ്പ് ചേർത്ത് പ്രതികളാക്കേണ്ടതും ടിയാളുകൾ സ്വയം സന്നദ്ധരാകുന്ന പക്ഷം 64-A വകുപ്പ് പ്രകാരമുള്ള മേൽപ്പറഞ്ഞ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

S. AANANTHAKRISHNAN IPS

HQ/19/2022/EXCISE

Signed by
S. Aananthakrishnan Ips
Date: 11-10-2022 15:03:24

എക്സൈസ് കമ്മീഷണർ

പകർപ്പ്

1. അഡീഷണൽ എക്സൈസ് കമ്മീഷണര്(ഭരണം/എൻഫോഴ്സ്മെന്റ്)
2. വിജിലന്സ് ഓഫീസർ(എക്സൈസ്)
3. എല്ലാ ജോയിന്റ് എക്സൈസ് കമ്മീഷണർമാർക്കും
4. എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും
5. എല്ലാ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർക്കും
6. എല്ലാ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാർക്കും
7. എല്ലാ എക്സൈസ് ഇന്സ്പെക്ടർമാർക്കും
8. എക്സൈസ് കമ്മീഷണറുടെ സി.എ. യ്ക്ക്
9. ഓഫീസ് ഫയൽ / സ്റ്റോക്ക് ഫയൽ